മെന്റ് ഓഫ് അക്കൗണ്ട്സും അവലോകനം ചെയ്യുകയും ബോർഡിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം നൽകുകയും ചെയ്യുന്നുണ്ട്.

കൂടാതെ, 5.8.1989-ൽ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ഒരു വർക്ക്ഷോപ്പ് തൊഴിൽവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും സാമ്പത്തികനിലയും പൊതുവിൽ വിലയിരുത്തുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) ക്ഷേമനിധികളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ സംസ്ഥാനതലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

42 (208) ക്ഷേമനിധികളിൽ നിന്ന് നൽകുന്ന പെൻഷൻ

ശ്രീ. എം. മുരളി :

ശ്രീ. ജോർജ്. ജെ. മാത്യു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള ക്ഷേമനിധികൾ ഏതെല്ലാമാണ്;

(ബി) ഈ നിധികളിൽ ഏതിനെല്ലാം പെൻഷൻ കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ട്;

(സി) ഈ നിധികളിൽനിന്ന് നൽകുന്ന പെൻഷനിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നിനും ക്ഷേമനിധിയിൽനിന്നും നൽകിവരുന്ന പെൻഷനിൽ എത്ര കാലത്തെ കുടിശ്ശിക ഇപ്പോൾ കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി),(സി)&(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.†

43 (209) കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽനിന്നും അംഗതൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ ഇതുവരെയായി എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ; ഏതു കാലംവരെ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഓരോ വർഷവും ഈ ഇനങ്ങളിൽ നൽകിയ ആനുകൂല്യങ്ങൾ സംബന്ധിച്ച് വിവരം നൽകുമോ;

(ഡി) ഇതുവരെയായി എത്ര തൊഴിലാളികളെ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

(ഇ) രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളിൽനിന്നും ലഭിച്ച അംശദായം മുടക്കമില്ലാതെ ലഭിച്ച തുക ഇവ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അതിവർഷാനുകൂല്യം, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, ചികിൽസാ സഹായം, മരണാനന്തര സഹായം എന്നിവയാണ്.

(ബി) അതിവർഷാനുകൂല്യം 11774 പേർക്ക്
മരണാനന്തര ആനുകൂല്യം 8493 പേർക്ക്
വിദ്യാഭ്യാസാനുകൂല്യം 2346 പേർക്ക്
വിവാഹാനുകൂല്യം 3591 പേർക്ക്
പ്രസവാനുകൂല്യം 1517 പേർക്ക്
ചികിൽസാ സഹായം 747 പേർക്ക്

അതിവർഷാനുകൂല്യം കഴിച്ച് ബാക്കിയെല്ലാ ആനുകൂല്യങ്ങളും സമയാസമയങ്ങളിൽ കൊടുത്തുവരുന്നു. 31.10.99 വരെയുള്ള കണക്കുകളാണ് മേൽ വിവരിച്ചത്.

(സി) അതിവർഷാനുകൂല്യം

1996-97	28,95,000 രൂപ
1997-98	22,20,250 രൂപ
1998-99	1,30,93,625 രൂപ
1999- 31.10.99 വരെ	2,68,33,158 രൂപ

മരണാനന്തര ആനുകൂല്യം

1992-93	19,000 രൂപ
1993-94	2,28,000 രൂപ
1994-95	10,09,300 രൂപ
1995-96	11,95,300 രൂപ
1996-97	12,51,000 രൂപ
1997-98	11,32,000 രൂപ
1998-99	20,22,117 രൂപ
1999	14,73,000 രൂപ

884/2010.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസാനുകൂല്യം

1993-94	1,00,750 രൂപ
1994-95	1,06,500 രൂപ
1995-96	1,22,327 രൂപ
1996-97	1,30,000 രൂപ
1997-98	2,38,500 രൂപ
1998-99	5,89,000 രൂപ
1999	5,00,000 രൂപ

വിവാഹാനുകൂല്യം

1998-99	22,02,000 രൂപ
1999	40,40,000 രൂപ

ചികിൽസാ സഹായം

1998-99	1,72,874 രൂപ
1999	2,72,782 രൂപ

പ്രസവാനുകൂല്യം

1998-99	3,05,100 രൂപ
1999	9,23,000 രൂപ

(ഡി) ഇതുവരെയായി 14,77,772 തൊഴിലാളികളെ രജിസ്റ്റർ ചെയ്തു.

തിരുവനന്തപുരം	1,16,250
കൊല്ലം	76,819
പത്തനംതിട്ട	64,673
ആലപ്പുഴ	1,19,075
കോട്ടയം	91,134
ഇടുക്കി	55,998
എറണാകുളം	1,10,583
തൃശൂർ	1,64,070
പാലക്കാട്	1,88,181
മലപ്പുറം	1,06,436
കോഴിക്കോട്	1,31,337
വയനാട്	82,130
കണ്ണൂർ	1,29,912
കാസർഗോഡ്	41,174

(ഇ) അംശാദായമായി ആകെ 16,39,60,943 രൂപയും ഭൂവുടമാ വിഹിതമായി 3,17,07,847 രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly